# കേരള സർവകലാശാല

നം. പി.ആർ.095/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സെനറ്റ് തെരഞ്ഞെടുപ്പ് 21-ന്

കേരള സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ് കൗൺസിലിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടെയും യൂണിയൻ ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ് ജൂൺ 21-ന് സർവകലാശാല ഓഫീസിൽ നടത്തും. ഈ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട നാമനിർദ്ദേശപത്രികകൾ ജൂൺ 14-ന് രണ്ട് മണിക്ക് മുമ്പായി സമർപ്പിക്കണം. വിജ്ഞാപനം ജൂൺ ഏഴിന് സർവകലാശാല ഓഫീസിൽ പ്രസിദ്ധീകരിക്കും. തെരഞ്ഞടുപ്പ് വിജ്ഞാപനങ്ങളുടെ പൂർണ്ണരൂപം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം പരീക്ഷ

കേരള സർവകലാശാല ഒന്ന്, രണ്ട് വർഷ ബി.കോം (ആന്വൽ സ്കീം - പാർട്ട് ഒന്ന്, രണ്ട്) പരീക്ഷകൾ ജൂൺ 16, 21, 28 തീയതികളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ട്രാൻസലേഷൻ സ്റ്റഡീസ് പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ ഏഴിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് (2015-16 ബാച്ച് - കാര്യവട്ടം ഹിന്ദി പഠനവകുപ്പ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബാച്ച്ലർ ഓഫ് ഡിസൈൻ പരീക്ഷ

കേരള സർവകലാശാല ജൂൺ 29-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഡിസൈൻ പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 14 (50 രൂപ പിഴയോടെ ജൂൺ 16, 250 രൂപ പിഴയോടെ ജൂൺ 18) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷഫാറവും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സമ്പർക്കക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന നാലാം സെമസ്റ്റർ ബി.ബി.എ (2014 ബാച്ച്) കോഴ്സിന്റെ സമ്പർക്കക്ലാസുകൾ ജൂൺ 12 രാവിലെ 10 മണിമുതൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നടത്തും.

## യോഗ സർട്ടിഫിക്കറ്റ് കോഴ്സ് : തിയറി പരീക്ഷ

കേരള സർവകലാശാല സെന്റർ ഫോർ വേദാന്ത സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിയറി പരീക്ഷ ജൂൺ 11-ന് കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിൽ നടത്തും.

## പി.ജി മൂല്യനിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല പന്തളം എൻ.എസ്.എസ് കോളേജിൽ ജൂൺ എട്ട്, 10 തീയതികളിൽ നടത്താനിരുന്ന ഒന്നാംസെമസ്റ്റർ പി.ജി. പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പ് പന്തളം ഡി.ഒ.ഐ.സിയിൽ നടത്തും. ബന്ധപ്പെട്ട അദ്ധ്യാപകർ ക്യാമ്പിൽ ഹാജരാകണം.

## ബി.കോം പരീക്ഷ: ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

കേരള സർവകലാശാല ജൂൺ 13-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ത്രീമെയിൻ - എസ്.ഡി.ഇ/എൽ.എസ്.സി) പരീക്ഷയുടെ ഹാൾടിക്കറ്റ് www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

## ബാച്ച്ലർ ഓഫ് ഡിസൈൻ പരീക്ഷടൈംടേബിൾ

കേരള സർവകലാശാല ജൂൺ 24-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഡിസൈൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഫ്.എ പരീക്ഷ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ ജൂൺ 30-ന് തുടങ്ങുന്ന നാല്, എട്ട് സെമസ്റ്റർ ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 13 (50 രൂപ പിഴയോടെ ജൂൺ 15, 250 രൂപ പിഴയോടെ ജൂൺ 17) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം, ബി.എഫ്.എ (എച്ച്.ഐ) : അപേക്ഷ 10 വരെ

കേരള സർവകലാശാല അടൂർ മണക്കാല ബിഷപ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയേർഡിൽ നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം (ഹിയറിംഗ് ഇംപയേർഡ്), തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിയറിംഗ് ഇംപയേർഡിൽ നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം, ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) കോഴ്സുകൾക്ക് ജൂൺ 10 വരെ അപേക്ഷിക്കാം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ കോഴ്സ്

കേരള സർവകലാശാല തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ നടത്തുന്ന ഒന്നാം വർഷ ബി.പി.എ കോഴ്സിന് ജൂൺ 10 വരെ

അപേക്ഷ സ്വീകരിക്കും. നോട്ടിഫിക്കേഷനും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രിൻസിപ്പൽമാരുടെ യോഗം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എൻജിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം ജൂൺ ഒമ്പത് രാവിലെ 11 മണിക്ക് സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ചേംബറിൽ നടത്തും. എല്ലാ പ്രിൻസിപ്പൽമാരും നിർബന്ധമായും യോഗത്തിൽ പങ്കെടുക്കണം.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 25. അപേക്ഷഫാറം 100 രൂപയ്ക്ക് ശ്രീകാര്യം ലയോള കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. തപാലിൽ വേണ്ടവർ പ്രിൻസിപ്പലിന്റെ പേരിലെടുത്ത 100 രൂപയുടെ ഡി.ഡിയും സ്വന്തം മേൽവിലാസമെഴുതി അഞ്ച് രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം അപേക്ഷിക്കണം. ഫോൺ0471–2592059.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
06.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in